## നോട്ട്

തിരുവനന്തപുരം നഗരസഭാ പ്രദേശത്തിനായുള്ള പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ AMRUT പദ്ധതിയുടെ ഭാഗമായി മേഖലാ നഗരാസൂത്രണ കാര്യാലയം നടത്തി വരുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പൂർത്തിയാകുമ്പോൾ വിവിധങ്ങളായ മേഖലകളെ സംബന്ധിച്ച പഠനവും അപഗ്രഥനവും, അതതു മേഖലകളെ സംബന്ധിച്ചുള്ള പ്രൊജെക്ടുകളും കൂടാതെ പൊതുവായുള്ള നിർദേശങ്ങളും ഉൾപ്പെടുത്തിയാണ് കരട് റിപ്പോർട്ട് തയ്യാറാക്കി നഗരസഭക്ക് സമർപ്പിക്കുന്നത്. കൃഷി, മൃഗസംരക്ഷണം, പരിസ്ഥിതി, മത്സ്യബന്ധനം, വ്യവസായം, കച്ചവടവും വാണിജ്യവും, വിനോദ സഞ്ചാരം, പൈതൃകം, ദുരന്തനിവാരണം, ജലവിതരണം, ഊർജ്ജം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടസൗകര്യം, പൊതുജന സൗകര്യങ്ങൾ, സാമൂഹിക സാംസ്കാരികം, സ്ത്രീകൾ/കുട്ടികൾ/ഭിന്ന ശേഷിക്കാർ/മുതിർന്ന പൗരന്മാർ എന്നിവയാണ് പരിഗണിച്ചിരിക്കുന്ന 18 മേഖലകൾ.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന്ന പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമായി January 2019 – July 2019 കാലയളവിൽ നഗരസഭയുടെ സഹകരണത്തോടെ എല്ലാ വാർഡിലും വാർഡ് തല യോഗങ്ങൾ നടത്തിയിരുന്നു. ഈ യോഗങ്ങളിൽ മാസ്റ്റർ പ്ലാൻ സംബന്ധിച്ച് presentations നടത്തുകയും പൊതുജനങ്ങളിൽ നിന്നും, വാർഡ് കൗൺസിലർമാരിൽ നിന്നും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയുമുണ്ടായി.

ഇത് കൂടാതെ നഗരസഭയുടെ സഹകരണത്തോടെ Working group യോഗങ്ങളും stakeholder യോഗങ്ങളും നടത്തുകയും, നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഇവയെല്ലാം ഉൾപ്പെടുത്തി, മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുന്ന കാലയളവിലാണ് കോവിഡ് മഹാമാരി ആവിർഭവിച്ചത്. ഇതിനാൽ തുടർ ചർച്ചകൾ നടത്താൻ സാധിക്കാതെ വരുകയും ചെയ്തു. കോവിഡ് മൂലം ഓഫീസ് പ്രവർത്തനങ്ങളിൽ വന്ന തടസ്സവും മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. എന്നിരുന്നാലും സമയബന്ധിതമായി ചെയ്തു തീർക്കേണ്ട പ്രവർത്തിയായതിനാൽ, കരട് റിപ്പോർട് തയ്യാറാക്കുവാൻ ഈ കാലയളവിൽ സാധിച്ചു.

മുൻ കാലങ്ങളിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളിൽ നിന്നും വിഭിന്നമായി പൊതുജന പങ്കാളിത്തത്തിൽ ഊന്നി തയ്യാറാക്കുന്ന പുതിയ മാസ്റ്റർ പ്ലാനിൽ, നഗരസഭാ തലത്തിലെ വികസനത്തോടൊപ്പം തന്നെ, വാർഡ് തല വികസനത്തിനും പ്രാധാന്യം നൽകുന്ന ഒരു

നൂതന സങ്കല്പമാണ് സ്വീകരിച്ചിരിക്കുന്നത്. മേൽ പ്രസ്താവിച്ച വാർഡ് തല യോഗങ്ങളിൽ ലഭിച്ച നിർദ്ദേശങ്ങൾ, ഓരോ വാർഡിലും മേഖലാ അടിസ്ഥാനത്തിൽ (18 മേഖലകൾ), short, medium, long term projects/strategies എന്ന അടിസ്ഥാനത്തിൽ ക്രോഡീകരിക്കുകയും ഇവ മാസ്റ്റർ പ്ലാൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കോവിഡ് പ്രതിസന്ധിയാലും, അതിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പ് നിശ്ചയിച്ചിരുന്നതിനാലും, മുൻ കൗൺസിലിനോട് കരട് റിപ്പോർട്ടിലെ ഈ വാർഡ് തല വികസന നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ സാധിക്കാതെ പോയി. പുതിയ നഗരസഭാ കൗണ്സിലിന്റെ മുൻപിൽ ഈ കരട് റിപ്പോർട് അവതരിപ്പിക്കുന്നതിനു മുന്നോടിയായി നിലവിലെ കൗൺസിൽ അംഗങ്ങളുടെ സഹായ സഹകരണം മാസ്റ്റർ പ്ലാനിന്റെ ഈ പ്രധാന ഭാഗം തീർപ്പാക്കുവാൻ ആവശ്യമായി വന്നിരിക്കുകയാണ്.

നിലവിലെ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ച്, ഒരു വിപുലമായ ചർച്ച നടത്തുവാനുള്ള സാദ്ധ്യത ഇല്ലാത്തതിനാലും, എന്നാൽ സമയ ബന്ധിതമായി പുതിയ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ തീർക്കേണ്ടതിനാലും, ക്രോഡീകരിച്ച വാർഡ് തല വികസന നിർദ്ദേശങ്ങൾ അതത് വാർഡ് കൗൺസിലറുടെ പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകുന്നു.

ഈ പ്രവർത്തി പൂർത്തീകരിക്കുന്ന മുറക്ക്, പുതിയ മാസ്റ്റർ പ്ലാനിന്റെ ഒരു പൂർണമായ അവലോകനത്തിലേക്കും, തുടർ പ്രവർത്തികളിലേക്കും കടക്കാൻ സാധിക്കുകയും, എത്രയും വേഗം നമ്മുടെ നഗരത്തിനായുള്ള പുതിയ മാസ്റ്റർ പ്ലാൻ സാക്ഷാത്ക്കരിക്കാൻ സാധിക്കുന്നതുമാണ്. തുടർന്നും കൗൺസിൽ അംഗങ്ങളുടെ സഹകരണം മാസ്റ്റർ പ്ലാൻ സംബന്ധിച്ച തുടർ ചർച്ചകളിലും, പ്രവർത്തനങ്ങളിലും പ്രതീക്ഷിക്കുന്നു.

സമയ ബന്ധിതമായി ഓരോ ഘട്ട പ്രവർത്തനങ്ങളും തീർക്കേണ്ടതിനാലും, എന്നാൽ നിലവിലെ കോവിഡ് പ്രതിസന്ധി കണക്കിലെടുത്തും, പരമാവധി ഒരു മാസത്തിനുള്ളിൽ ഈ പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിച്ചാൽ തുടർ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നതായിരിക്കും.

**ടൗൺ പ്ലാനർ**

**തിരുവനന്തപുരം**

(പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സംശയ നിവാരണങ്ങൾക്ക്, തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി. അഞ്ജുവിനെ 8547350037 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്)